**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം.**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3430 — 18.2.2013 - ൽ മറുപടിയ്ക്ക്

പച്ചത്തേങ്ങാ സംഭരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. ഹംസ | | ശ്രീ. കെ.പി. മോഹനൻ (ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) | |
| (എ) | പച്ചത്തേങ്ങ സംഭരിക്കുന്നതിനായി ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; അതിനായി പ്രസ്തുത ഏജൻസിക്ക് എത്ര ഫണ്ട് അനുവദിച്ചു; | (എ) | പച്ചത്തേങ്ങ സംഭരണ പദ്ധതി പ്രകാരം കൃഷി ഭവനുകളിലൂടെ കർഷകരിൽ നിന്നും നേരിട്ട് സംഭരിക്കുന്ന പച്ചത്തേങ്ങ സംസ്കരിച്ച് കൊപ്രയാക്കുവാൻ കേരഫെഡിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. പദ്ധതി നടത്തിപ്പിനായി ഇതുവരെ 9.80 കോടി രൂപ കൃഷി വകുപ്പിൽ നിന്നും കേരഫെഡിന് അനുവദിച്ച് കൈമാറിയിട്ടുണ്ട്. |
| (ബി) | നാളിതുവരെ പ്രസ്തുത ഏജൻസി എത്ര പച്ചത്തേങ്ങ സംഭരിച്ചു; വിശദാംശം ലഭ്യമാക്കാമോ; | (ബി) & (സി) | പദ്ധതിയുടെ പ്രാരംഭ പ്രവർത്തനമെന്ന നിലയിൽ സംസ്ഥാനത്ത് കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശൂർ, ആലപ്പുഴ, കൊല്ലം എന്നീ എട്ടു ജില്ലകളിലാണ് കൃഷി ഭവൻ മുഖേന സംഭരണ നടപടികൾ ആരംഭിച്ചിരിക്കുന്നത്. ഇതിനകം 7 ജില്ലകളിൽ നിന്നായി (ആലപ്പുഴ ഒഴികെ) 236.49 MT പച്ചത്തേങ്ങയാണ് കേരഫെഡ് കൃഷി ഭവനുകളിൽ നിന്നും സംഭരിച്ചിരിക്കുന്നത്. |
| (സി) | നിലവിൽ ഏതെല്ലാം ജില്ലകളിലാണ് പച്ചത്തേങ്ങ സംഭരിച്ചത്; എത്ര കൃഷിക്കാർക്ക് അതിന്റെ ഗുണം ലഭിച്ചു; വിശദാംശം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; | | ജില്ലകളിൽ നിന്നും 8/2/2013 വരെ |

ലഭിച്ച കണക്കനുസരിച്ച് പച്ചത്തേങ്ങ സംഭരിച്ചതിന്റെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| നം | ജില്ല | കർഷകരുടെ എണ്ണം | സംഭരിച്ച പച്ചത്തേങ്ങ യുടെ തൂക്കം (MT) |
|---|---|---|---|
| 1 | കാസർഗോഡ് | 42 | 13.377 |
| 2 | കണ്ണൂർ | 85 | 25.016 |
| 3 | പാലക്കാട് | 19 | 8.29 |
| 4 | കോഴിക്കോട് | 259 | 106.125 |
| 5 | മലപ്പുറം | 29 | 16.584 |
| 6 | തൃശൂർ | 62 | 32.998 |
| 7 | കൊല്ലം | 117 | 34.101 |
| | | 613 | 236.49 |

(ഡി) പച്ചത്തേങ്ങ സംഭരണ പരിപാടി എന്നാണ് ഉദ്ഘാടനം ചെയ്യപ്പെട്ടത്; അതിന് ശേഷം നാളിതുവരെ എത്ര പച്ചത്തേങ്ങ സംഭരിച്ചു എന്നും എത്ര തുക ചെലവഴിച്ചു എന്ന കണക്കും പ്രസിദ്ധീകരിക്കാമോ?

(ഡി) 2013 ജനുവരി മാസം ഒന്നാം തീയതിയാണ് പച്ചത്തേങ്ങ സംഭരണ പരിപാടി ഉദ്ഘാടനം ചെയ്യപ്പെട്ടത്.

8/2/2013 വരെ 93 കൃഷി ഭവനുകളിലൂടെ 236.49 മെട്രിക് ടൺ പച്ചത്തേങ്ങ സംഭരിച്ചിട്ടുണ്ട്.

216 കൃഷി ഭവനുകൾക്ക് 2 ലക്ഷം രൂപ റിവോൾവിംഗ് ഫണ്ടായി 432.00 ലക്ഷം രൂപ ഇതു വരെ കേരഫെഡിൽ നിന്നും നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ